## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3577 | | 11.12.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ശുചീകരണ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ ശുചീകരണത്തൊഴിലാളികൾക്കായി ഏതൊക്കെ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | ശുചീകരണ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല. |
| (ബി) | മാലിന്യസംസ്കരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ? | (ബി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.<br>• ഉറവിട മാലിന്യ സംസ്കരണം. വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.<br>• മെറ്റീരിയൽറിക്കവറി ഫസിലിറ്റി.<br>• പുനഃചംക്രമണം ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക് മാലിന്യം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീനുകളിൽ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിനായി ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ<br>• നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപണികളും അപ്ഗ്രഡേഷനും.<br>• സ്ളോട്ടർഹൗസ്, ക്രിമറ്റോറിയം.<br>• മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.<br>• എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതുടോയ്ലറ്റ് .<br>• പാക്കേജ്സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.<br>• സ്ഥാപനതല ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ.<br>• പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ, ഗ്രീൻ പ്രോട്ടോക്കോൾ.<br>• വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.<br>• ശേഷീവികസന പരിപാടികൾ. |

| | | | |
|---|---|---|---|
| | | | മേൽ പറഞ്ഞ പദ്ധതികൾ കൂടാതെ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അനുദിനം വർദ്ധിച്ചുവരുന്ന ഖരമാലിന്യപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ഏഴ് സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ